# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

*നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3239* *03.04.2013 ലെ മറുപടിക്ക്*

## പഞ്ചായത്തുകളിലെ നിയമനം ത്വരിതപ്പെടുത്താൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി. വി. രാജേഷ്: | | | ഡോ. എം. കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി ) |
| (എ) | സംസ്ഥാനത്തെ പഞ്ചായത്തുകളിൽ ഏതെല്ലാം തസ്തികകളാണ് പുതുതായി സൃഷ്ടിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ; ഇതുവരെയായി പ്രസ്തുത തസ്തികകളിലേക്ക് എത്ര പേർക്ക് നിയമനം നല്കി ; | (എ) | 990 ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയും 864 അസിസ്റ്റന്റ് സെക്രട്ടറി തസ്തികയും പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. അതിൽ 990 ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്ത് നടപടി സ്വീകരിക്കാൻ എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മാർക്കും നിർദ്ദേശം നകിയിട്ടുണ്ട്. 864 അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | 2013 ഏപ്രിൽ മുതൽ പങ്കാളിത്ത പെൻഷൻ പദ്ധതി നിലവിൽ വരുന്നതിനാൽ പഞ്ചായത്തു വകുപ്പിൽ പിഎസ്.സി.യുടെ അഡ്വൈസ് കൈപ്പറ്റിയ ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് അയയ്ക്കുന്നതിന് കാലതാമസം നേരിടുന്നു എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഉദ്യോഗാർത്ഥികൾക്ക് എത്രയും വേഗം നിയമനം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | അഡ്വൈസ് ചെയ്ത എല്ലാ ഉദ്യോഗാർത്ഥികൾക്കും യഥാസമയം നിയമന ഉത്തരവ് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ